*8217/Ad.B1/SO/2021/Ad.B1* *18/10/2021*

3

# പരിപത്രം

വിഷയം:ഫ്ളക്സ് ബോർഡുകൾ,ഓൺലൈൻ പർച്ചേസ് പാക്കിങ് മെറ്റീരിയൽസ് എന്നിവയുടെ നിയന്ത്രണം സംബന്ധിച്ച്

സൂചന :സ.ഉ.നം.5445/AD B1/ 2021/ എം.ജി.യു തീയതി 13.10.2021

28.09.2021ന് രജിസ്ട്രാറുടെ അധ്യക്ഷതയിൽ ചേർന്ന യോഗം സർവ്വകലാശാലയിൽ നടപ്പിലാക്കി വരുന്ന ഗ്രീൻ പ്രോട്ടോകോൾ പദ്ധതിയുടെ നിലവിലെ പുരോഗതി വിലയിരുത്തുകയും പദ്ധതിയുടെ തുടർനടത്തിപ്പു സുഗമമാക്കുന്നതിനുള്ള ചില ശിപാർശകൾ അംഗീകരിച്ചു ഉത്തരവ് നം 5455/ADB1/2021/എം.ജി.യു തീയതി 13.10.2021 പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.അതിൻപ്രകാരം ഇനിപ്പറയുന്ന രണ്ടു കാര്യങ്ങൾ ഒരിക്കൽക്കൂടി എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു

01. ഗ്രീൻ പ്രോട്ടോകോൾ പ്രകാരവും നിലവിൽ പ്രാബല്യത്തിലുള്ള വിവിധ സർവകലാശാല ഉത്തരവുകൾ പ്രകാരവും കാമ്പസിൽ നിരോധിച്ചിട്ടുള്ള ഫ്ളക്സ് ബോർഡുകൾ തുടർന്നും ക്യാമ്പസിൽ സ്ഥാപിച്ചാൽ ആയതു റിപ്പോർട്ടു ചെയ്യുകയും നിർദേശാനുസരണം നീക്കം ചെയ്യുകയും ചെയ്യുന്നതിന് സെക്യൂരിറ്റി ഓഫീസറെ ചുമതലപ്പെടുത്തിയിരിക്കുന്നു.

02. ജീവനക്കാർ ,വിദ്യാർഥികൾ തുടങ്ങി എല്ലാവരും ഓൺലൈനിൽ വാങ്ങുന്ന വസ്തുക്കളുടെ പാക്കിങ് മെറ്റീരിയൽസ് ഇപ്പോൾ ക്യാമ്പസിന്റെ വിവിധ ഇടങ്ങളിൽ ഉപേക്ഷിക്കപ്പെടുന്നുണ്ട് . ഗുരുതരമായ മാലിന്യ പ്രശ്നം സൃഷ്ടിക്കുന്ന ഈ പ്രവണത എല്ലാവരും ഉപേക്ഷിക്കേണ്ടതാണ് . ഇതുസംബന്ധിച്ച നിരീക്ഷണം തുടക്കത്തിൽ ഭരണവിഭാഗത്തിലും ,പരീക്ഷാഭവനിലും കാര്യക്ഷമമാക്കുകയും തുടർന്ന് കാമ്പസിലെ എല്ലാ ഭാഗത്തേക്കും വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്.

രജിസ്ട്രാർ

പകർപ്പ്:

**01.എല്ലാ സെക്ഷനുകൾക്കും**

**02.ഡോ.മഹേഷ് മോഹൻ,അസ്സി.പ്രൊഫസ്സർ,SES &ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസർ**

**03.വി.സി /പി.വി .സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ .**

**04.അധ്യാപക/അനധ്യാപക /വിദ്യാർത്ഥി സംഘടനാ ഭാരവാഹികൾ.**

**05.രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ**

**06.എസ്റ്റേറ്റ് ഓഫീസർ**

**07.സെക്യൂരിറ്റി ഓഫീസർ 08.കരുതൽ ഫയൽ/ ഫയൽ കോപ്പി**